# സോപ്പിന്റെ രാഷ്ട്രീയം

**ജോൺസൺ എൻ.പി.**

ഉപ്പ് കുറുക്കിയാൽ സ്വാതന്ത്ര്യം കിട്ടുമോ എന്ന് ചോദിച്ചവരുണ്ട്. ഉപ്പ് കുറുക്കിയതുകൊണ്ട് മാത്രമല്ല സ്വാതന്ത്ര്യം കിട്ടിയതെന്ന് നമുക്കറിയാം. ലോകരാഷ്ട്രീയ സാഹചര്യങ്ങളിൽ വന്ന മാറ്റംകൂടി ഒരു കാരണമായിരുന്നു. കിട്ടിയ സ്വാതന്ത്ര്യം പൂർണമായില്ലെന്നും നമുക്കറിയാം. ഇന്നും ബഹുരാഷ്ട്ര കുത്തകകമ്പനികൾ പരോക്ഷമായി നിയന്ത്രിക്കുന്ന ഒന്നാണ് ഇന്ത്യൻ സമ്പദ്‌വ്യവസ്ഥ. കൂടുതൽ കൂടുതൽ ആഗോളവത്കരണത്തിന്റെ പിടിയിലായ്ത്തീരുകയാണ് നാം.

ഉപ്പ് കുറുക്കിയത് തീർച്ചയായും ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിലെ ഒരു മഹാസംഭവമായിരുന്നു. ഇപ്പോൾ സോപ്പ് ഉണ്ടാക്കുന്നതുകൊണ്ട് എന്ത് കാര്യം എന്ന് ചോദിക്കുന്നവരുണ്ട്. കരിക്കിൻവെള്ളം കുടിച്ചാൽ തേങ്ങക്ക് വിലകൂടുമോ എന്ന് ചോദിച്ചവരുണ്ട്. ചെറിയൊരു വിലവർദ്ധനവിനെങ്കിലും അത് കാരണമായിത്തീർന്നിട്ടുണ്ടെന്ന് ഇപ്പോൾ എല്ലാവരും അംഗീകരിക്കുന്നുണ്ട്. വെളിച്ചെണ്ണ ഉപയോഗിച്ച് സോപ്പുണ്ടാക്കുന്നതും അത്തരം ഒരു രാഷ്ട്രീയസമരമാണ് . ഏറ്റവും ഗുണം കുറഞ്ഞ സസ്യഎണ്ണകളും മൃഗക്കൊഴുപ്പുകളും താരതമ്യേന കുറഞ്ഞ അളവിൽ ചേർത്തുണ്ടാക്കുന്ന സോപ്പുകൾക്കുകൂടി കൊള്ളുന്നവില ഈടാക്കുന്ന കുത്തകസോപ്പ് നിർമ്മാതാക്കൾക്കെതിരെയുള്ള സമരംകൂടിയാണിത്.

സാമൂഹികമായ അറിവുകളെ ജനകീയവത്കരിക്കുന്നതിനും വ്യാപകമാക്കുന്നതിനുമുള്ള ഒരു തീവ്രപരിശ്രമത്തിന്റെ സമുചിതമായ തുടക്കംകൂടിയാണ് ഈ സോപ്പ് നിർമ്മാണപ്രചരണം.

ഒരു വർഷം കേരളത്തിൽ മൊത്തം ഉപയോഗിക്കുന്ന സോപ്പുല്പന്നങ്ങളുടെ വില 500-600 കോടിരൂപയോളം വരും. ഇതിൽ വെളിച്ചെണ്ണ സോപ്പിന്റെ പങ്ക് 5 ശതമാനം മാത്രമാണ്. വൻപരസ്യങ്ങളുടെ അകമ്പടിയോടെ വിപണിയിലെത്തുന്ന സോപ്പുകളിൽ ഉപയോഗിക്കുന്നത് പാമോലിൻ ഉൽപന്നങ്ങളും വെളിച്ചെണ്ണയേക്കാൾ ഗുണംകുറഞ്ഞ സസ്യഎണ്ണകളും മൃഗക്കൊഴുപ്പുകളും ഡിറ്റർജന്റുകളുമാണ്. ഭാരംകുറഞ്ഞ കൊഴുപ്പ് കണികകളുള്ള വെളിച്ചെണ്ണയിൽ നിർമ്മിക്കുന്ന സോപ്പുകൾ അഴുക്ക് നീക്കം ചെയ്യാൻ ഏറ്റവും ഉത്തമമാണ്. കുറഞ്ഞഅളവിൽ ഉപയോഗിച്ചാൽ മതിയാകും. എന്നാൽ 30-40 ശതമാനം എണ്ണമാത്രംചേർന്ന സോപ്പുകൾ കൂടി ചർമ്മസംരക്ഷണസോപ്പെന്നും സൗന്ദര്യസോപ്പെന്നും പേരിട്ട് വലിയവിലക്ക് വിറ്റഴിക്കപ്പെടുന്നു. (60ശതമാനം കൊഴുപ്പംശം ചേർന്നവയാണ് സോപ്പുകൾ അതുകൊണ്ട് ഇവയുടെ റാപ്പറിൽ ബാത്തിംഗ്ബാർ എന്നെഴുതിയാണ് വിൽക്കുന്നത്. പലപ്പോഴും സൗന്ദര്യത്തിന് ഹാനികരം പോലുമായ പല സോപ്പുകളും സുന്ദരിമാരുടെ ചിത്രങ്ങൾ കാട്ടി വ്യാമോഹിപ്പിച്ചാണ് വൻതോതിൽ വിറ്റഴിക്കുന്നത്.

സോപ്പിന്റെ നിർമ്മാണരീതിയും വെളിച്ചെണ്ണ സോപ്പിന്റെ മേന്മയും ജനങ്ങളെ പറഞ്ഞുമനസ്സിലാക്കിയാൽ ഈ വിപണിയുടെ പകുതിയെങ്കിലും നാടൻസോപ്പുകൾക്ക് തിരിച്ചുപിടിക്കാനാകും. വെളിച്ചെണ്ണയുടെ വിലയിൽ ചെറിയൊരു വർദ്ധനവുണ്ടാക്കാനും അത് സഹായിക്കും. മലയാളിയുടെ ശുചിത്വബോധത്തെ കൊള്ളയടിച്ച് കോടിക്കണക്കിന് രൂപ ചോർത്തിക്കൊണ്ടുപോകുന്ന കുത്തകസോപ്പുനിർമ്മാതാക്കളുടെ തട്ടിപ്പുകൾ തുറന്നുകാട്ടുന്നതിലൂടെ കേരളത്തിന്റെ സമ്പദ്‌വ്യവസ്ഥക്ക് സ്വാശ്രയത്വത്തിന്റെ ദിശ ചൂണ്ടിക്കാട്ടാനും കഴിയും.

സോപ്പിൽനിന്ന് തുടങ്ങുന്ന ഈ ജനകീയ പ്രതിരോധയജ്ഞം തീർച്ചയായും കേരളത്തിന്റെ സമ്പദ്‌വ്യവസ്ഥയിൽ ഗുണപരമായ ചലനങ്ങളുണ്ടാക്കും. പുതിയൊരു സംരംഭാത്മക സംസ്കൃതിക്ക് അത് വഴിയൊരുക്കും. പക്ഷെ ഒന്നുണ്ട്-ഭാഗികമായ ഒരു പ്രതിരോധം ഗുണത്തേക്കാളേറെ ദോഷം ചെയ്യുന്നവരാം. സോപ്പുവിപണിയിൽ നിന്നും മറ്റും നാം തിരിച്ചുപിടിക്കുന്ന പണം മറ്റ് ആഢംബര ഉപഭോഗങ്ങൾക്ക് വേണ്ടി ചിലവാക്കാൻ തുടങ്ങിയാൽ ഈ പരിശ്രമങ്ങൾ വ്യഥാവിലാകും. ആഢംബരഹർമ്മ്യങ്ങൾ പണിത് കുടിവെള്ളം പോലും മുട്ടിക്കുന്ന വികസനസംസ്കൃതിയിൽനിന്ന് ഒരു വഴിമാറി നടപ്പിലൂടെ മാത്രമേ ഈ പ്രതിരോധം പൂർണമായ ഫലപ്രാപ്തിയിലെത്തുകയുള്ളൂ. ഇന്റർനെറ്റിലെ അശ്ലീല കഫേകളിൽ പണം മുടിക്കുന്ന യുവതലമുറയെ കപടസദാചാരത്തിന്റെ വഴികളിൽ നിന്ന് മോചിപ്പിക്കുന്ന ഒരു പ്രതിസംസ്കൃതിയിലേക്കുള്ള വഴിയാണ് അറിവുകൾ ജനകീയമാക്കുന്നതിലൂടെ നാം കണ്ടെത്താൻ ശ്രമിക്കുന്നത്. സമത്വഭാവനയുള്ള, ഋജുവായ സാമൂഹികബന്ധങ്ങളിലേക്കുള്ള വഴിയാണത്.

സോപ്പുനിർമ്മാണം ഒരു തുടക്കം മാത്രമാണ്. ഒരുപാടൊരുപാട് മേഖലകളിൽ ഇത്തരത്തിലുള്ള ബദൽ സംരംഭങ്ങൾ ഉയർത്തിക്കൊണ്ടുവന്നാൽ മാത്രമേ മനുഷ്യനെയും പ്രകൃതിയേയും കാക്കുന്ന ഒരു നവമാനവികതയിലേക്ക് നീങ്ങാൻ നമുക്കാകൂ.

*(ഹരിത മൈത്രി നടത്തിയ സോപ്പ്ജാഥയുടെ ഭാഗമായി പ്രസിദ്ധീകരിച്ച ലഘുലേഖയിൽനിന്ന്.)*